REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബീഹാറിലും പശ്ചിമ ബംഗാളിലും 18,200 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.**
- **BJP സംസ്ഥാന നേതൃയോഗം ആഭ്യന്തരമന്ത്രി അമിത് ഷാ രാവിലെ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.**
- **ട്രാൻസ്ജൻഡറുകൾക്കായി 'സുഭദ്രം' ഭവന പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു.**
- **17-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരിതെളിയും.**
- **ഇന്നലെ അന്തരിച്ച പീരുമേട് MLA വാഴൂർ സോമന്റെ മൃതദേഹം വൈകിട്ട് വാളാർഡിയിൽ സംസ്കരിക്കും.**
- **കേരളാ ക്രിക്കറ്റ് ലീഗ് രണ്ടാം മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, ട്രിവാൺഡ്രം റോയൽസിനെ തോല്പിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബീഹാറിലും പശ്ചിമ ബംഗാളിലും വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. രാവിലെ ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിടുകയും പൂർത്തിയായവ നാടിന് സമർപ്പിക്കുകയും ചെയ്യും.

ഗംഗാ നദിക്ക് കുറുകെ രണ്ട് കിലോമീറ്റർ നീളത്തിൽ നിർമിച്ച ആന്റ - സിമാരിയ ആറു വരി പാലമാണ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്ന വൻ പദ്ധതി. ബക്സർ താപവൈദ്യുത നിലയവും മുസാഫർപൂരിൽ ഹോമി ഭാഭ കാൻസർ ആശുപത്രിയും ഗവേഷണ കേന്ദ്രവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഗയയ്ക്കും ഡൽഹിക്കും ഇടയിലെ അമൃത് ഭാരത് എക്സ്പ്രസും വൈശാലിക്കും കൊഡെർമയ്ക്കും ഇടയിലെ ബുദ്ധിസ്റ്റ് സർക്യൂട്ട് ട്രെയിനും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

വൈകിട്ട് കൊൽക്കത്തയിൽ 5,200 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രഞ്ച് പ്രസിഡന്റ് ഇമാനുൽ മാക്രോണുമായി ഉക്രൈനിലേയും പശ്ചിമേഷ്യയിലേയും സംഘർഷങ്ങൾക്ക് സമാധാനപരമായ പരിഹാരമുണ്ടാക്കുന്ന വിഷയം ടെലിഫോണിൽ ചർച്ച ചെയ്തു. മേഖലയിൽ സമാധാനവും സുസ്ഥിരതയും എത്രയും വേഗം ഉറപ്പാക്കുന്ന യത്നങ്ങൾക്ക് രാജ്യം പ്രതിബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സംഭാഷണത്തിൽ അറിയിച്ചു. ഉഭയകക്ഷി സഹകരണ വിഷയവും ഇരു നേതാക്കളും ചർച്ച ചെയ്തു. ഇന്ത്യ, യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ഇമാനുൽ മാക്രോൺ എല്ലാ പിന്തുണയും ഉറപ്പ് നൽകി.

✪✪✪

പാർലമെന്റ് പാസാക്കിയ ഓൺലൈൻ ഗെയിമിംഗ് ബിൽ ഇന്ത്യയെ ഗെയിമിങ്ങിന്റെയും, കണ്ടെത്തലിന്റെയും, പുതിയ സൃഷ്ടികളുടേയും കേന്ദ്രമാക്കി മാറ്റാൻ ഗവൺമെന്റ് പുലർത്തുന്ന പ്രതിബദ്ധതയ്ക്ക് തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഗവൺമെന്റ് E-സ്പോർട്സിനെയും, ഓൺലൈൻ സോഷ്യൽ ഗെയിമുകളേയും പ്രോത്സാഹിപ്പിക്കും. ഓൺലൈനിലൂടെ പണം തട്ടുന്ന ഗെയിമുകളിൽ നിന്ന് സമൂഹത്തെ ബിൽ രക്ഷിക്കുമെന്നും നരേന്ദ്രമോദി സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

BJP സംസ്ഥാന നേതൃയോഗം ആഭ്യന്തരമന്ത്രി അമിത് ഷാ രാവിലെ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. പാലാരിവട്ടത്ത് റിനൈ കൊച്ചിയിലെ നേതൃയോഗത്തിൽ BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അധ്യക്ഷനായിരിക്കും. തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ അമിത് ഷാ വിലയിരുത്തും. കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ്ജ് കുര്യൻ, മുൻ സംസ്ഥാന

ഭാരവാഹികൾ, ജില്ലാ പ്രസിഡൻ്റുമാർ തുടങ്ങിയവർ നേതൃയോഗത്തിൽ പങ്കെടുക്കും.

ഇന്നലെ രാത്രി നെടുമ്പാശ്ശേരിയിലെത്തിയ അമിത് ഷായെ BJP സംസ്ഥാന പ്രസിഡൻ്റ് രാജീവ് ചന്ദ്രശേഖർ, മുൻ കേന്ദ്ര സഹമന്ത്രി V.മുരളീധരൻ, നേതാക്കളായ ശോഭാ സുരേന്ദ്രൻ, K.സുരേന്ദ്രൻ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

BJP നേതൃയോഗത്തിന് ശേഷം ഉച്ച കഴിഞ്ഞ് അമിത് ഷാ ഡൽഹിയിലേക്ക് യാത്ര തിരിക്കും.

✪✪✪

സെപ്തംബർ ഒമ്പതിലെ ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിന് തെരഞ്ഞെടുപ്പ് കമ്മീഷൻ രണ്ട് നിരീക്ഷകരെ നിയമിച്ചു. പഞ്ചായത്തിരാജ് മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി സുശീൽ കുമാർ ലൊഹാനി, ധനമന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി D ആനന്ദൻ എന്നിവരാണ് നിരീക്ഷകർ. NDA സ്ഥാനാർത്ഥിയായി CP രാധാകൃഷ്ണനും INDI സഖ്യം സ്ഥാനാർത്ഥിയായി B സുദർശൻ റെഡ്ഡിയുമാണ് മത്സരിക്കുന്നത്. തെരഞ്ഞെടുപ്പിലെ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നാണ്.

✪✪✪

പെട്രോളിയം ഉത്പന്നങ്ങൾക്ക് ബദലായി സുസ്ഥിര ജൈവ ഇന്ധനം പ്രോത്സാഹിപ്പിക്കുന്നതിൽ ഗവൺമെൻ്റ് മികച്ച നേട്ടം കൈവരിച്ചതായി കേന്ദ്രമന്ത്രി ഹർദീപ് പുരി ഇന്നലെ ലോക്സഭയെ അറിയിച്ചു. ദേശീയ ജൈവ ഇന്ധന നയത്തിലൂടെയാണ് ഈ നേട്ടമുണ്ടാക്കിയതെന്നും എഥനോൾ ചേർത്ത പെട്രോൾ കർഷകർക്കും ഉപഭോക്താക്കൾക്കും ലാഭമുണ്ടാക്കുന്നതാണെന്നും കേന്ദ്രമന്ത്രി വിശദീകരിച്ചു. കഴിഞ്ഞ ജൂലൈ വരെ ഒരുലക്ഷത്തി 25,000 കോടിയിൽ പരം രൂപ കർഷകർക്ക് ലഭ്യമാക്കാൻ കഴിഞ്ഞു. വിദേശ നാണ്യ വിനിമയത്തിൽ ഒരു ലക്ഷത്തി 44,000 കോടി രൂപ ലാഭമുണ്ടാക്കാൻ കഴിഞ്ഞുവെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

✪✪✪

യൂണിക് ഐഡൻ്റിഫിക്കേഷൻ അതോറിറ്റി സഹകരണ ബാങ്ക് ഇടപാടുകളിൽ ആധാർ അധിഷ്ഠിത ചട്ടക്കൂട് തയ്യാറാക്കി. 380 സഹകരണ ബാങ്കുകൾക്ക് ഈ സൗകര്യം ലഭ്യമാകുമെന്ന് ഇലക്ട്രോണിക്സ് IT മന്ത്രാലയം അറിയിച്ചു. ഇതിലൂടെ സഹകരണ ബാങ്കുകൾക്ക് സുരക്ഷിതമായും വേഗത്തിലും ഇടപാടുകാർക്ക് തടസ്സമില്ലാത്ത സേവനങ്ങൾ നൽകാനാകുമെന്ന് UIDAI

അറിയിച്ചു. ഗ്രാമ അർദ്ധ -നഗര മേഖലകളിൽ E-KYC യും മുഖം തിരിച്ചറിയൽ സംവിധാനവും ലഭ്യമാകും.

✪✪✪

ട്രാൻസ്ജൻഡറുകൾക്കായി 'സുഭദ്രം' ഭവന പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. കോഴിക്കോട്ട് 'വർണപ്പകിട്ട്' സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വീട് നിർമാണത്തിന് ആറു ലക്ഷം രൂപയും, ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഗ്യാപ് ഫണ്ടായി രണ്ട് ലക്ഷം രൂപയും നൽകും. സ്ഥലം വാങ്ങി വീട് വെക്കുന്നതിന് അംഗീകൃത ധനകാര്യ സ്ഥാപനത്തിൽനിന്ന് 15 ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുമെന്നും പലിശവിഹിതം ഗവൺമെന്റ് അടക്കുമെന്നും മന്ത്രി അറിയിച്ചു. നടിയും എഴുത്തുകാരിയുമായ രേവതി വിശിഷ്ടാതിഥിയായിരുന്നു. വിവിധ മേഖലകളിൽ മികവ് തെളിയിച്ചവർക്ക് ട്രാൻസ് പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു.

✪✪✪

ഓൺലൈൻ ഗെയിമിങ് നിയന്ത്രണ ബിൽ പാർലമെന്റ് അംഗീകരിച്ചതിനെ അധ്യാപകരും വിദ്യാർത്ഥികളുമടക്കം കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ പൊതുസമൂഹം സ്വാഗതം ചെയ്യുകയാണ്.

ആകാശവാണി തിരുവനന്തപുരം ലേഖകൻ M. സ്മിതിയുടെ റിപോർട്ട്...

.......വോയ്സ്.....

തങ്ങളുടെ ചുറ്റുമുള്ളവർക്കുണ്ടായ ദുരനുഭവങ്ങളുടെ പശ്ചാത്തലത്തിലും ഓൺലൈൻ ഗെയിമിങിന് അടിമപ്പെട്ടവർ അനുഭവിക്കുന്ന ദുരിതങ്ങളെ കുറിച്ചുള്ള അറിവിന്റെ അടിസ്ഥാനത്തിലും പുതിയ നിയമനിർമാണത്തെ വിവിധ മേഖലകളിലുള്ളവർ സ്വാഗതം ചെയ്യുകയാണ്. വിദ്യാർത്ഥികളും അധ്യാപകരും അടക്കം സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ പ്രതികരണം നമുക്കു കേൾക്കാം.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ 17-ാമത് കേരള രാജ്യാന്തര ഡോക്യൂമെന്ററി ഹ്രസ്വചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തിരിതെളിയും. വൈകിട്ട് കൈരളി തിയേറ്ററിൽ മന്ത്രി സജി ചെറിയാൻ മേള ഉദ്ഘാടനം ചെയ്യും.

മേളയിൽ 52 രാജ്യങ്ങളിലെ മുന്നൂറോളം ചിത്രങ്ങൾ പ്രദർശിപ്പിക്കും. രാവിലെ 9.15 മുതൽ പ്രദർശനം ആരംഭിക്കും.

തിരുവനന്തപുരം പ്രതിനിധി രെജു കോലിയക്കോട് ................

(വോയ്സ് ..........)

ഈ മാസം 27 വരെ തിരുവനന്തപുരം കൈരളി, ശ്രീ, നിള തിയേറ്ററുകളിലായി സംഘടിപ്പിക്കുന്ന 17-ാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചലച്ചിത്ര മേളയിൽ മുന്നൂറോളം ചിത്രങ്ങൾ പ്രദർശിപ്പിക്കും.

മത്സര വിഭാഗം ഉൾപ്പെടെ 29 വിഭാഗങ്ങളിലായി 52 രാജ്യങ്ങളിൽനിന്നുള്ള ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളുമാണ് പ്രദർശിപ്പിക്കുന്നത്. ഇന്ന് രാവിലെ 9.15 മുതൽ പ്രദർശനം ആരംഭിക്കും. വൈകുന്നേരം നടക്കുന്ന ഉദ്ഘാടന ചടങ്ങിനുശേഷം ഉദ്ഘാടനചിത്രമായ 'ഫ്രം ഗ്രൗണ്ട് സീറോ' പ്രേക്ഷകർക്ക് മുന്നിലെത്തും.

മീറ്റ് ദ ഡയറക്ടർ, ഫേസ് റ്റു ഫേസ്, മാസ്റ്റർ ക്ലാസ്, പാനൽ ചർച്ചകൾ തുടങ്ങിയ പരിപാടികളും മേളയുടെ ഭാഗമായി സംഘടിപ്പിക്കും.ഡോക്യുമെന്ററി രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്കാരം രാകേഷ് ശർമ്മയ്ക്ക് സമ്മാനിക്കും. രാകേഷ് ശർമ്മയുടെ നാല് ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. അന്തരിച്ച ശ്യാം ബെനഗൽ, ഷാജി എൻ. കരുൺ, സുലൈമാൻ സിസെ, തപൻകുമാർ ബോസ്, തരുൺ ഭാർട്ടിയ, പി.ജയചന്ദ്രൻ,എന്നിവർക്ക് ആദരാഞ്ജലിയർപ്പിക്കുന്ന ഹോമേജ് വിഭാഗവും മേളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ഇന്നലെ അന്തരിച്ച പീരുമേട് MLA വാഴൂർ സോമന്റെ മൃതദേഹം വൈകിട്ട് വാളാർഡിയിലെ പാമ്പനാർ സ്മൃതി മണ്ഡപത്തിന് സമീപം സംസ്കരിക്കും. പുലർച്ചെ പീരുമേട്ടിൽ എത്തിച്ച ഭൗതിക ശരീരം രാവിലെ 11 മുതൽ വണ്ടിപ്പെരിയാർ ടൗൺഹാളിൽ പൊതു ദർശനത്തിന് വെക്കും. പ്ലാന്റേഷൻ കമ്മിറ്റി യോഗത്തിലും റവന്യൂ അസംബ്ലിയിലും പങ്കെടുക്കാൻ ചൊവ്വാഴ്ച വൈകിട്ടാണ് വാഴൂർ സോമൻ തിരുവനന്തപുരത്ത് എത്തിയത്.

റവന്യൂ അസംബ്ലിക്കിടെ കുഴഞ്ഞു വീണ അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. വാഴൂർ സോമന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും, മന്ത്രി K രാജൻ ഉൾപ്പെടെ പ്രമുഖർ അനുശോചനം അറിയിച്ചു.

✪✪✪

കേരളാ ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിലെ രണ്ടാം മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, ട്രിവാൺഡ്രം റോയൽസിനെ എട്ട് വിക്കറ്റിന് തോല്പിച്ചു. ആദ്യ മത്സരത്തിൽ നിലവിൽ ചാമ്പ്യന്മാരായ ഏരീസ് കൊല്ലം സെയിലേഴ്സ്, കാലിക്കറ്റ് ബ്ലോക്ക് സ്റ്റാർസിനെ ഒരു വിക്കറ്റിന് തോൽപ്പിച്ചിരുന്നു.

✪✪✪

കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ ഒൻപതു വർഷംകൊണ്ട് ഗവൺമെന്റ് 3500 കോടി രൂപ ചെലവഴിച്ചതായി മന്ത്രി V.അബ്ദുറഹിമാൻ പറഞ്ഞു. എൻമകജെ ഗ്രാമ പഞ്ചായത്തിലെ ബജക്കുടൽ മിനി കളിക്കളം നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഒരു പഞ്ചായത്തിൽ ഒരു കായിക പരിശീലകനെ എങ്കിലും നിയമിക്കാൻ നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

കണ്ണൂർ ചെറുകുന്ന് ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ കളിക്കളത്തിന്റെ നിർമാണവും മന്ത്രി ഉദ്ഘാടനം ചെയ്തു. 50-ഓളം സ്കൂളുകളിൽ കളിക്കള നിർമ്മാണം പൂർത്തിയായതായും ശേഷിക്കുന്നവയിൽ പ്രവൃത്തി അവസാന ഘട്ടത്തിലാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

71-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നമായ കളിവള്ളം തുഴയുന്ന കാക്കത്തമ്പുരാട്ടിക്ക് 'കാത്തു' എന്നു പേരിട്ടു. പേര് പതിച്ച ഭാഗ്യചിഹ്നം കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ മന്ത്രി P പ്രസാദ് പ്രകാശനം ചെയ്തു. 347 എൻട്രികളിൽ നിന്നാണ് കാത്തു എന്ന പേര് തിരഞ്ഞെടുത്തത്. പത്തനംതിട്ട ഇടശ്ശേരിമലയിൽ EV കൃഷ്ണൻ കുട്ടിനായരാണ് പേര് നിർദേശിച്ചത്.

ജലോത്സവത്തിന്റെ ഭാഗമായ ക്യാപ്റ്റൻസ് ക്ലിനിക് രാവിലെ ആലപ്പുഴ ജില്ലാ കളക്ടർ അലക്സ് വർഗ്ഗീസ് YMCA ഹാളിൽ ഉദ്ഘാടനം ചെയ്യും. വൈകിട്ടാണ് ട്രാക്ക് ആന്റ് ഹീറ്റ്സ് നറുക്കെടുപ്പ്.

✪✪✪

സമ്പൂർണ UDID രജിസ്ട്രേഷൻ ജില്ലയായി കോഴിക്കോടിനെ ഇന്ന് പ്രഖ്യാപിക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. ഭിന്നശേഷിക്കാരുടെ എണ്ണത്തിൽ മൂന്നാം സ്ഥാനമാണ് കോഴിക്കോടിന്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: നിമിഷ ജി*
*DEO: സി കെ സുബോധ്*